ഉത്തരം

(എ) പ്രൊപ്പോസൽ ജില്ലാ വിദഗ്ധ സമിതി അംഗീകരിച്ച് എസ്റ്റിമേറ്റ് സഹിതം സർക്കാരിൽ ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ്.

(ബി) ഉണ്ട്.

(സി) സർവ്വേ നടപടികൾ പുരോഗമിക്കുന്നു.

(ഡി) ഇല്ല.

(ഇ) അനുബന്ധം കണ്ടാലും*

മലപ്പുറത്ത് കുടുംബകോടതി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം

197(3120) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറത്ത് പുതിയ കുടുംബകോടതി കെട്ടിടം നിർമ്മിക്കുന്നതിന് 25 സെന്റ് സ്ഥലം അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(ബി) ജില്ലാ കളക്ടർ സർക്കാരിന്റെ അംഗീകാരത്തിനായി ഫയൽ സമർപ്പിച്ചിട്ടും നാളിതുവരെ ഭൂമി കൈമാറുന്നത് സംബന്ധിച്ച അന്തിമ തീരുമാനം വൈകുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിക്കുമോ ;

(സി) കുടുംബകോടതിക്ക് ഭൂമി കൈമാറുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ ?

ഉത്തരം

(എ-സി) സർക്കാരിലേയ്ക്ക് ലഭിച്ച ഭൂമി കൈമാറ്റ പ്രൊപ്പോസൽ ന്യൂനതകൾ പരിഹരിച്ച് സമർപ്പിക്കുന്നതിന് ലാന്റ് റവന്യൂ കമ്മീഷണർക്ക് നൽകിയിരിക്കുകയാണ്. പ്രൊപ്പോസൽ ലാന്റ് റവന്യൂ കമ്മീഷണറിൽനിന്ന് ലഭിക്കുന്ന മുറയ്ക്ക് ഭൂമി കൈമാറ്റത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ആനയറ വേൾഡ് മാർക്കറ്റിനു സമീപം സർക്കാർ ഭൂമി കയ്യേറി ഫ്ലാറ്റ് നിർമ്മാണം

198(3121) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ആനയറ-വേൾഡ് മാർക്കറ്റിന് സമീപം ഫ്ലാറ്റ് നിർമ്മാണക്കമ്പനി സർക്കാർ ഭൂമി കയ്യേറി ഫ്ലാറ്റ് നിർമ്മാണം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതു സംബന്ധിച്ച് പരിശോധന നടത്തുകയുണ്ടായോ ; വിശദാംശം നൽകാമോ ;

(സി) കയ്യേറ്റത്തോടൊപ്പം കൈത്തോട് നികത്തിയിട്ടുണ്ടോ ;

(ഡി) ഇതു സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സർക്കാർ ഭൂമി കയ്യേറ്റം സംബന്ധിച്ച് പരിശോധന നടത്തുകയുണ്ടായി. കൈയ്യേറ്റം അളന്നുതിട്ടപ്പെടുത്തുന്നതിന് തഹസീൽദാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കയ്യേറ്റത്തോടൊപ്പം കൈത്തോട് നികത്തിയിട്ടുണ്ട്.

(ഡി) കടകംപള്ളി വില്ലേജ് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കയ്യേറ്റം പ്രഥമദൃഷ്ട്യാ ബോദ്ധ്യപ്പെട്ടതിനാൽ ആയത് അളന്ന് തിട്ടപ്പെടുത്തിയശേഷം ഒഴിപ്പിക്കുന്നതിനുള്ള ഊർജ്ജിത നടപടി സ്വീകരിക്കുന്നതാണ്.

പി.എം.ജി.-പട്ടം റോഡ് വീതി കൂട്ടൽ

199(3122) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം പി.എം.ജി.-പട്ടം റോഡ് വീതി കൂട്ടുന്നതിനായി സ്ഥലം ഏറ്റെടുക്കാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് ഉത്തരവിട്ടത് ;

(ബി) പ്രസ്തുത ഉത്തരവ് അസാധുവാക്കിയിട്ടുണ്ടോ ;

(സി) ഈ റോഡിന്റെ വീതി കൂട്ടൽ നിർത്തിവച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഡി) വീതി കൂട്ടുന്നതിനായി ഏതൊക്കെ ഉടമസ്ഥരുടെ എത്ര വീതം വസ്തുവാണ് റവന്യൂ രേഖകളിൽനിന്ന് കുറവ് ചെയ്തത് ; വിശദാംശം നൽകുമോ ;

(ഇ) ഈ പദ്ധതി ഒഴിവാക്കിയ സാഹചര്യത്തിൽ റവന്യൂ രേഖകളിൽ നിന്നും കുറവ് ചെയ്ത് ഭൂമി തിരികെ ഉടമസ്ഥർക്ക് നൽകി ഭൂമിയുടെ കരം ഒടുക്കുന്നതിന് ഉടമസ്ഥരെ അനുവദിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly